(എഫ്) ഉണ്ട്.

(ജി) ഇവയ്ക്കെതിരെ നടപടിയെടുക്കാൻ ഡി.ജി.പി., ജില്ലാ കളക്ടർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമവിധേയമല്ലാതെ പ്രവർത്തിക്കുന്ന ഓൺലൈൻ ഭാഗ്യക്കുറികളുടെ വില്പന നിയന്ത്രിക്കുന്നതിന് കേരള സംസ്ഥാന ഭാഗ്യക്കുറി നിയന്ത്രണ ചട്ടങ്ങളുടെ ചട്ടം-24 അനുശാസിക്കുന്ന തരത്തിൽ നിയന്ത്രണ നടപടി സ്വീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 7-11-2003-ൽ പ്രമുഖ പത്രങ്ങൾവഴി പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനായി ഇത്തരം ഭാഗ്യക്കുറികൾക്കെതിരെ നോട്ടീസ് നൽകുകയും തുടർന്ന് വില്പന നിറുത്തിവയ്ക്കാൻ കൂട്ടാക്കാത്ത വില്പന കേന്ദ്രങ്ങൾ ചട്ടം 24 (4) സി പ്രകാരം സംസ്ഥാനത്തുടനീളം അടച്ചുപൂട്ടി മുദ്ര വയ്ക്കുകയും ചെയ്തു. ഈ നടപടിയെ 17-11-2003-ലെ ഉത്തരവിലൂടെ ബഹു. ഹൈക്കോടതി ശരിവച്ചു. എന്നാൽ ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 19-12-2003-ലെ ഉത്തരവിലൂടെ ഈ നടപടി താൽക്കാലികമായി തടഞ്ഞിരിക്കുകയാണ്. കേന്ദ്ര ഭാഗ്യക്കുറി ചട്ടത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന അന്യസംസ്ഥാന ലോട്ടറികളുടെ വില്പനയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

മണ്ഡല മകരവിളക്കു കാലത്ത് ശബരിമലയിൽ ഏർപ്പെടുത്തിയ സൗകര്യങ്ങൾ

*10 [220] ശ്രീ. വി. ഡി. സതീശൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, സി. പി. മുഹമ്മദ്:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലത്ത് ശബരിമലയിൽ എത്ര ഭക്തജനങ്ങളാണ് എത്തിച്ചേർന്നത്;

(ബി) യാത്രാസൗകര്യം, വിശ്രമസൗകര്യം, ഭക്ഷണം, കുടിവെള്ളം, വൈദ്യുതി, മാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്കുവേണ്ടി എന്തെല്ലാം അധിക ഏർപ്പാടുകളാണ് ഈ വർഷം ചെയ്തത്;

(സി) പമ്പയിൽനിന്ന് ശബരിമലയിലേക്കുള്ള കാൽനടപ്പാതകളിൽ തീർത്ഥാടകർക്ക് കുടിവെള്ളവും ചൂടുവെള്ളവും സൗജന്യമായി ലഭിക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിരുന്നു;

(ഡി) ഇവ നൽകുവാൻ തയ്യാറുള്ള സംഘടനകളേയും ഭക്തജനങ്ങളേയും അതിനുവേണ്ടി ക്ഷണിച്ചിരുന്നുവോ;

(ഇ) എങ്കിൽ വിശദീകരിക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) കണക്കാക്കിയിട്ടില്ല.

(ബി) തീർത്ഥാടകരുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. സംസ്ഥാനത്തെ വിവിധ ഡിപ്പോകളിൽനിന്നും എരുമേലിയിലേക്കും പമ്പയിലേക്കും ആവശ്യാനുസരണം സർവ്വീസുകൾ നടത്തുകയുണ്ടായി. നിലയ്ക്കൽ-

LIBRARY ARCHIVES Kerala Legislative Assembly

പമ്പ റൂട്ടിൽ ചെയിൻ സർവ്വീസും കാര്യക്ഷമമായി നടത്തിയിരുന്നു. തീർത്ഥാടകർക്ക് വിരി വയ്ക്കുന്നതിന് കൂടുതൽ സ്ഥലങ്ങളിൽ സൗകര്യം ഏർപ്പെടുത്തിയിരുന്നു. കൂടാതെ ഇടത്താവളങ്ങൾ തയ്യാറാക്കുകയും അവിടെയെല്ലാം പ്രാഥമികാവശ്യങ്ങൾക്കും കുടിവെള്ള വിതരണത്തിനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയുമുണ്ടായി. തീർത്ഥാടകർക്ക് ദേവസ്വം ബോർഡ് വക സൗജന്യ അന്നദാനം ഏർപ്പെടുത്തിയിരുന്നു. കൂടാതെ കുറഞ്ഞ ചെലവിൽ ഭക്ഷണം നൽകുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാവേലി ഹോട്ടലുകൾ നടത്തുകയുമുണ്ടായി. വില നിയന്ത്രിക്കുവാൻ ജില്ലാകളക്ടറും ആവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നു. ശബരിമലയിലും പമ്പയിലും കുടിവെള്ള വിതരണം കാര്യക്ഷമമായി നടത്തുകയുണ്ടായി. ആധുനിക രീതിയിലുള്ള ശുദ്ധീകരണ സംവിധാനം ഈ വർഷം ഏർപ്പെടുത്തിയിരുന്നു. പമ്പയിലും ശബരിമലയിലും പരിസരപ്രദേശത്തും തടസ്സം കൂടാതെയുള്ള വൈദ്യുതി വിതരണത്തിനാവശ്യമായ നടപടികൾ വൈദ്യുതി ബോർഡ് കൈക്കൊണ്ടിരുന്നു. മാലിന്യ നിർമ്മാർജ്ജനത്തിനായി പമ്പയിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. ഖരമാലിന്യങ്ങൾ നശിപ്പിക്കുന്നതിന് ഇൻസിനറേറ്ററും പ്രവർത്തിപ്പിച്ചിരുന്നു. മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുന്നതിന് പത്തനംതിട്ട ജില്ലാകളക്ടറുടെ അധീനതയിലുള്ള സാനിട്ടേഷൻ സൊസൈറ്റി ജോലിക്കാരെ നിയോഗിക്കുകയുണ്ടായി.

(സി) പമ്പയിൽനിന്നും ശബരിമലയിലേക്കുള്ള പരമ്പരാഗത പാതയിൽ നിശ്ചിത ദൂരം ഇടവിട്ട് തിളപ്പിച്ച ചുക്കുവെള്ളം നൽകുന്നതിന് ദേവസ്വം ബോർഡ് വക പ്രത്യേക കൗണ്ടറുകൾ ഏർപ്പെടുത്തിയിരുന്നു.

(ഡി, ഇ) ദേവസ്വം ബോർഡ് ഇവരെ പ്രത്യേകമായി ക്ഷണിച്ചിരുന്നില്ല. എന്നാൽ ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർക്ക് ആവശ്യമായ സേവനങ്ങൾ സൗജന്യമായി നിർവ്വഹിക്കുന്നതിന് തയ്യാറായ സന്നദ്ധ സംഘടനകൾക്ക് വേണ്ട സൗകര്യങ്ങൾ ബോർഡ് നൽകിയിരുന്നു.

60 വയസ്സ് പൂർത്തിയാക്കിയ സ്റ്റാമ്പ് വെണ്ടർമാരുടെ ലൈസൻസ്

*11 [221] ശ്രീ. കെ. മുഹമ്മദാലി:
,, ജോർജ്ജ് ജെ. മാത്യു:
,, വി. ബാലറാം:
,, എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭൂരിഭാഗം സ്റ്റാമ്പ് വെണ്ടർമാരുടേയും ഉപജീവനം നഷ്ടപ്പെടുത്തുന്ന വിധത്തിൽ 60 വയസ്സ് പൂർത്തിയാക്കിയ സ്റ്റാമ്പ് വെണ്ടർമാരുടെ ലൈസൻസ് പുതുക്കി നൽകേണ്ടതില്ലെന്ന് ടാക്സസ് വകുപ്പ് 7-2-2003-ൽ പുറപ്പെടുവിച്ച ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വീസിൽനിന്നും പെൻഷൻ പറ്റിയവർക്കും മറ്റ് ലൈസൻസുള്ളവർക്കും പുതിയ വെണ്ടർ ലൈസൻസിന് അപേക്ഷ നൽകുവാൻ അർഹതയില്ലെന്ന് വ്യക്തമായ നിയമമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly